**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1805** **12-09-2023 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ വിവരശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ ഡി കെ മുരളി** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ വിവരശേഖരണവും സർവ്വകലാശാലാ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യ ഏർപ്പെടുത്തലും ലക്ഷ്യമിട്ട് പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത മേഖലയിലെ മുഴുവൻ വിദ്യാർത്ഥികളെയും വിവരശേഖരണത്തിന്റെ ഭാഗമാക്കുന്നുണ്ടോ; ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ; | (എ) | രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ചുള്ള വിവരശേഖരണം നടത്തുന്നത് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിലുള്ള All India Survey of Higher Education (AISHE) എന്ന പോർട്ടൽ/ ഓൺലൈൻ സംവിധാനത്തിലൂടെയാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ AISHE പോർട്ടലിൽ രജിസ്റ്റർ ചെയ്ത് വിദ്യാർത്ഥി പ്രവേശനവും മറ്റു സംബന്ധിച്ചുള്ള മുഴുവൻ വിവരങ്ങളും നൽകേണ്ടതാണ്. സംസ്ഥാനതലത്തിൽ ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലാണ്. കോളേജുകളിൽ നിന്നുള്ള വിവര ശേഖരണത്തിന് എല്ലാ സർവകലാശാലകളിലും AISHE നോഡൽ ഓഫീസർമാർ നേതൃത്വം നൽകുന്നു. സംസ്ഥാനത്തെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) സംബന്ധിച്ച സുപ്രധാന വിവരങ്ങൾ AISHE ഡേറ്റായുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്. ദേശീയ സ്കോളർഷിപ്പ് പദ്ധതിയും (NSP) നാഷണൽ അസസ്സ്മെന്റ് & അക്രഡിറ്റേഷൻ കൗൺസിൽ (NAAC) എന്നിവയും AISHE ഡേറ്റയുമായി ബന്ധപ്പെടുത്തിയാണ് പ്രവർത്തിക്കുന്നത്.<br><br>സർവകലാശാല പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി K-REAP എന്ന പദ്ധതി ആസൂത്രണം ചെയ്തു വരുന്നു. വിദ്യാർത്ഥി പ്രവേശനം മുതൽ പരീക്ഷാ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും വരെയുള്ള മുഴുവൻ വിദ്യാർത്ഥി പഠന പ്രക്രിയകളും K-REAP സംവിധാനത്തിലൂടെ ചിട്ടപ്പെടുത്തുവാൻ കഴിയും. കൂടാതെ സർവകലാശാലകളുടെ |

| | | | |
|---|---|---|---|
| | | | ഭരണപരവും അക്കാദമിക്കും ആയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേഗത്തിലാക്കുന്നതിനും K-REAP പ്രയോജനപ്പെടും. പ്രസ്തുത സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. |
| (ബി) | സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകരമാണ്; വിദ്യാർത്ഥി പ്രവേശനം മുതൽ സർട്ടിഫിക്കറ്റ് വിതരണം വരെ പ്രസ്തുത പദ്ധതി വഴി നടത്തുന്നതിന് സംവിധാനമുണ്ടോ; ഇതിനായി പ്രത്യേക സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | (എ)-യിൽ മറുപടി നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ